## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 3140

15.12.2015-ൽ മറുപടിയ്ക്ക്

### ശബരിമല റോഡുകൾ

| ചോദ്യം<br>ശ്രീ.കെ.സുരേഷ് കുറുപ്പ് | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) ശബരിമല റോഡുകളിൽ ഹെവി മെയിന്റനൻസ് പദ്ധതി നടപ്പിലാക്കുന്നത് പൂർത്തിയായിട്ടുണ്ടോ; ഇതിനായി ഇതുവരെ എന്ത് തുക ചെലവഴിച്ചിട്ടുണ്ട്; ഇതുമൂലം എന്തെല്ലാം പ്രയോജനങ്ങളാണ് പ്രതീക്ഷിക്കുന്നത്; | (എ) പൂർത്തിയായിട്ടുണ്ട്. ഇതിനായി 5412 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അഞ്ച് വർഷം ഈ റോഡ് കേട്പാടുകൾ ഇല്ലാതെ കരാറുകാരൻ തന്നെ സംരക്ഷിക്കുന്നതു മൂലം ശബരിമലയിലേയ്ക്കുള്ള ഗതാഗതം സുഗമമാക്കുവാൻ കഴിയും. |
| (ബി) തീർത്ഥാടനകാലം തുടങ്ങിയ ശേഷവും ശബരിമലയിലേക്കുള്ള വിവിധ റോഡുകളുടെ പണി പൂർത്തിയാക്കിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) മഴ പണികളെ തടസ്സപ്പെടുത്തിയെങ്കിൽ പോലും, പ്രധാന പാതകളുടെയെല്ലാം പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് അനുബന്ധ റോഡുകളുടെ പണികൾ പുരോഗമിച്ചു വരുന്നു. |
| (സി) ഇതിനായി അനുവദിച്ച തുകയിൽ നിന്ന് എത്ര തുക ഉപയോഗിച്ച് ഇതുവരെ പണി നടത്താനായിട്ടുണ്ടെന്നു വ്യക്തമാക്കുമോ? | (സി) ശബരിമല റോഡുകൾക്കായി ഭരണാനുമതി നൽകിയ മുഴുവൻ തുകയ്ക്കുമുള്ള പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ